# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം.99 06-02-2020 ൽ മറുപടിക്ക്**

## റോഡുപരിപാലനത്തിലെ അപാകത മൂലമുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ. ടി.ജെ. വിനോദ്**<br>**ശ്രീ.പി.ടി. തോമസ് :** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) റോഡിലെ കുഴിയിൽ വീണ് മരിക്കുന്നതിന്റെ പേരിൽ പത്ത് ലക്ഷം രൂപ വീതം എത്ര പേർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിനോട് ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) റോഡിലുള്ളത് കൊലയാളിക്കുഴികളാണെന്നും മരിക്കുന്നവർക്കെല്ലാം പത്ത് ലക്ഷം വീതം നൽകുകയല്ല, അതിനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കാനാണ് ശ്രമിക്കേണ്ടത് എന്ന കേരള ഹൈക്കോടതി നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;<br><br>(സി) പാലാരിവട്ടത്ത് കുഴിയിൽ വീണുണ്ടായ അപകടത്തിൽ മരിച്ച | (ബി) & (സി) | 31-12-2019 ന് മുമ്പ് റോഡുകൾ ഗതാഗത യോഗ്യമാക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ എല്ലാം തന്നെ ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. 31-12-2019 ന് മുൻപ് 97% റോഡുകളും കുഴികളടച്ച് ഗതാഗത യോഗ്യമാക്കിയിരുന്നു. ബജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും, വാട്ടർ അതോറിറ്റി, |

യദുലാലിന്റെ മാതാപിതാക്കളോട് സർക്കാരിനു വേണ്ടി കേരള ഹൈക്കോടതി മാപ്പ് ചോദിച്ച സ്ഥിതിവിശേഷത്തിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുമോ?

ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തി പൂർത്തിയാക്കാനുള്ളത്. ഇത്തരം തടസ്സങ്ങൾ കാരണമാണ് കഴിഞ്ഞ 31 നകം 100% അറ്റകുറ്റപ്പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. അറ്റകുറ്റപ്പണികൾ എല്ലാം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 97% റോഡുകളും മികച്ചരീതിയിൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിൽ വകുപ്പ് വിജയിച്ചിരിക്കുന്നു. 100 മണ്ഡലങ്ങളിലെ റോഡുകളിൽ കാര്യമായ കേടുപാടുകൾ ഇല്ലാതാക്കിയിട്ടുണ്ട്. റോഡുകൾ സമയബന്ധിതമായി ഗതാഗത യോഗ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനം തന്നെ തുടരാനാണ് ഉദ്ദേശിക്കുന്നത്. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നകാര്യം പരിശോധിച്ചു വരികയാണ്.

[signature]

**സെക്ഷൻ ഓഫീസർ**